# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പാലക്കാട്.

**ചുരുക്കപ്പട്ടിക നമ്പർ: 04/2014/DOP** **തീയതി: 19/06/14** കാറ്റഗറി നമ്പർ: 121/11

**<u>വിജ്ഞാപനം</u>**

31.5.2011-ാം തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിൽ **5250-8390(PR) രൂപാ** ശമ്പളനിരക്കിൽ **ഡ്രൈവർ ഗ്രേഡ് 2 (എൽ.ഡി.വി) പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം - (കാറ്റഗറി നമ്പർ : 121/11)** തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 24.06.2013 മുതൽ 28.06.2013 വരെ നടത്തിയ പ്രായോഗിക പരീക്ഷയ്ക്ക് (H Test + Road Test) ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ അഭിമുഖത്തിന് ക്ഷണിക്കപ്പെടുവാൻ സോപാധികമായി അർഹരാണെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പർ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാക്രമത്തിലാണ് ഈ പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറുകൾക്കു മുൻപായി പാലക്കാട് ജില്ലയെ സൂചിപ്പിക്കുന്ന പി (‘P’) എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

## <u>മുഖ്യപട്ടിക</u>

| | | | | |
|---|---|---|---|---|
| 100020 | 100059 | 100062 | 100063 | 100067 |
| 100077 | 100084 | 100085 | 100096 | 100098 |
| 100099 | 100105 | 100124 | 100128 | 100129 |
| 100138 | 100140 | 100147 | 100148 | 100149 |

## <u>ഉപപട്ടിക</u>

## <u>പട്ടികവർഗ്ഗം</u>

| | |
|---|---|
| 100018 | 100179 |

## <u>ഭിന്നശേഷിയുള്ളവർ</u>

അർഹരല്ല

**<u>കുറിപ്പ്:-1</u>** അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായിട്ടാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

**<u>കുറിപ്പ്:-2</u>** അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അ ടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ രേഖപ്പെടുത്താത്ത അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

**<u>കുറിപ്പ്:-3</u>** പ്രായോഗിക പരീക്ഷയിൽ, H test-ൽ വിജയിക്കുകയും, സ്റ്റീയറിങ് സ്റ്റെഡിനെസ്സ് ആൻഡ് കൺട്രോളിനും 50%വും അതിൽ കൂടുതലും, Driving Skill Appraisal Form ലെ, ക്രമ ന ം. 3 മുതൽ 11 വരെയുള്ള 9 വ്യത്യസ്ത ഇനങ്ങളിൽ Average + ഉം അതിനു മുകളിലും ലഭിച്ച ഉദ്യോഗാർത്ഥികളെ മാത്രമാണ് ഈ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**<u>കുറിപ്പ്:-4</u>** പട്ടികവർഗ്ഗക്കാരായ അർഹരായ എല്ലാ ഉദ്യോഗാർത്ഥികളെയും ചുരുക്കപ്പട്ടികയുടെ ഉപപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**<u>കുറിപ്പ്:-5</u>** പ്രസ്തുത തസ്തികയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ പേരുകളുടെ അക്ഷരമാലാക്രമത്തിലാണ് രജിസ്റ്റർ നമ്പറുകൾ അനുവദിച്ചിരിക്കുന്നത്.

**<u>കുറിപ്പ്:-6</u>** ഈ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ തഹസിൽദാരിൽ നിന്നും 22.03.2005ന് ശേഷം ലഭിച്ച നിശ്ചിത മാതൃകയിലുള്ള ജാതി സർട്ടിഫിക്കറ്റ് അഭിമുഖസമയത്ത് ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗാർത്ഥികളെ മറ്റൊരു അറിയിപ്പ് കൂടാതെ ചുരുക്കപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

**<u>കുറിപ്പ്:-7</u>** അഭിമുഖത്തിൻെറ തീയതി, സമയം, സ്ഥലം എന്നിവ അറിയിക്കുന്നതിനായി വ്യക്തിഗത അറിയിപ്പ് അയയ്ക്കുന്നതാണ്.

(കമ്മീഷൻെറ ഉത്തരവിൻ പ്രകാരം),

**എൻ.രാധാകൃഷ്ണൻ,**
**ജില്ലാ ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, പാലക്കാട്.**

വിതരണാനുമതി നൽകുന്നു,

സെക്ഷൻ ഓഫീസർ.